(ബി) 1783 ലക്ഷം രൂപ നോൺ ഗവൺമെന്റ് ഏജൻസികൾക്ക് നൽകി.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുനിൽക്കുന്ന രോഗസംക്രമണ സാധ്യതകൂടിയ ജനവിഭാഗങ്ങളുടെ ഇടയിൽ നേരിട്ടുള്ള ഇടപെടൽ, ഉറയുടെ ഉപയോഗം, സുരക്ഷിതമായ ലൈംഗിക പെരുമാറ്റരീതികൾ, ലൈംഗിക രോഗങ്ങളിൽ നിന്നുള്ള പ്രതിരോധവും ചികിത്സയും, സ്വഭാവ വ്യതിയാനത്തിനുള്ള ആശയ വിനിമയം (Behavioral Change Communication) എന്നിവയ്ക്കും അശരണരും ശയ്യാ വലംബികളുമായ രോഗികൾക്കു വേണ്ടി തൃശ്ശൂരിലും, കണ്ണൂരിലും നടത്തുന്ന സഹായ കേന്ദ്രത്തിന്റെ പ്രവർത്തനം എന്നിവയ്ക്കും വേണ്ടിയാണ് തുക നൽകിയിട്ടുള്ളത്.

(സി) എയ്ഡ്സ് രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ ഒന്നും നിലവിലില്ല.

(ഡി) എയ്ഡ്സ് രോഗികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമന ത്തിനുവേണ്ടി പ്രവർത്തിക്കുന്ന എച്ച്. ഐ. വി. അണുബാധിതരുടെയും എയ്ഡ്സ് രോഗികളുടെയും കൂട്ടായ്മയായ കൊച്ചിയിലെ സി.പി.കെ.പ്ലസ് എന്ന സംഘടനയ്ക്ക് 16.82 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നു.

എയ്ഡ്സുമായി ബന്ധപ്പെട്ട് അനുവദിച്ച തുക

142 [145] ശ്രീ. എഴുകോൺ നാരായണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ടു വർഷക്കാലയളവിൽ എയ്ഡ്സുമായി ബന്ധപ്പെട്ട കാര്യ ങ്ങൾക്ക് ഐക്യരാഷ്ട്ര സഭയിൽ നിന്നോ അതിന്റെ സ്പെഷ്യലൈസ്ഡ് ഏജൻസിക ളിൽ നിന്നോ എത്ര തുക ലഭിച്ചു;

(ബി) ഈ കാലയളവിൽ മറ്റു ഏജൻസികളിൽ നിന്നും എത്ര തുക ലഭിച്ചു;

(സി) എന്തെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുവേണ്ടിയാണ് ഈ തുകയെന്നും ഈ തുകയുടെ ഭരണം നടത്തുന്ന ഏജൻസി ഏതെന്നും വ്യക്ത മാക്കാമോ;

(ഡി) തുക കൈകാര്യം ചെയ്യുന്നതിന് ജനപ്രതിനിധികളെ സഹകരിപ്പി ക്കാറുണ്ടോ;

(ഇ) തുക ബഡ്ജറ്റിൽ ചേർക്കാറുണ്ടോയെന്നും വരവുചെലവുകൾ അക്കൗണ്ട് ചെയ്യുന്നത് എപ്രകാരമാണ് എന്നും വിശദമാക്കുമോ;

(എഫ്) തുകയുടെ വിനിയോഗം നിയമസഭയുടെ അനുവാദത്തോടെയാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) തുകയുടെ വിനിയോഗം അക്കൗണ്ടന്റ് ജനറലിനെ കൊണ്ട് ആഡിറ്റ് ചെയ്യിക്കുമോ എന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് എയ്ഡ്സുമായി ബന്ധപ്പെട്ടകാര്യങ്ങൾക്ക് ഐക്യരാഷ്ട്ര സഭയിൽ നിന്നോ അതിന്റെ സ്പെഷ്യ ലൈസ്ഡ് ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല.

(ബി) വേൾഡ് ബാങ്ക്, ബ്രിട്ടീഷ് സർക്കാരിന്റെ അന്തർദ്ദേശീയ വികസന നിധി എന്നിവയിൽ നിന്നും ഇന്ത്യാഗവൺമെന്റിന്റെ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗ നൈസേഷൻ മുഖേന 1996-1997 മുതൽ 2003-2004 വരെ യഥാക്രമം 2233 ലക്ഷം രൂപയും 2259 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) എയ്ഡ്സ് രോഗ നിയന്ത്രണം, ബോധവൽക്കരണം, ബ്ലഡ് ബാങ്കു കളുടെ നവീകരണം, ആവർത്തനച്ചെലവ്, സംസ്ഥാന മെഡിക്കൽ കോളേജുകൾ, ജില്ലാ താലൂക്ക് ആശുപത്രികളിലുള്ള എസ്. റ്റി. ഡി. ക്ലിനിക്കുകളിലേക്കുള്ള മരുന്നും മറ്റുപകരണങ്ങളും ലഭ്യമാക്കൽ, വോളണ്ടറി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റ റുകളുടെ പ്രവർത്തനം എന്നിവയ്ക്കും അത്യാസന്ന നിലയിൽ കഴിയുന്ന എയ്ഡ്സ് രോഗികളുടെ പരിചരണത്തിനായുള്ള 2 കെയർ സെന്ററുകൾ നടത്തുന്നതിനും വേണ്ടി ഈ തുക വിനിയോഗിക്കുന്നു. കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി യാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നത്.

(ഡി) എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ ജനപ്രതിനിധികളുടെ സഹ കരണത്തോടെയാണ് നടത്തിവരുന്നത്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ എയ്ഡ്സ് കമ്മിറ്റികളിൽ ആ പ്രദേശത്തെ എം.പി.-മാരും, എം.എൽ.എ.-മാരും ജില്ലാ പഞ്ചായത്ത് പ്രതിനിധികളും അംഗങ്ങളാണ്.

(ഇ) 1998-1999 വരെ ഇതു സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായിരുന്നു. 1999-2000 മുതൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ധനസഹായമാക്കി സ്വയംഭരണ സ്ഥാപനമായ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയെ ഏൽപ്പിച്ചതി നാൽ ഇത് ബഡ്ജറ്റിൽ പ്രത്യേകമായി ചേർക്കാറില്ല. വരവു-ചെലവുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയുടെ നിയന്ത്രണത്തോടെയാണ് നടത്തുന്നത്. ഈ പദ്ധതിയുടെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം ദേശസാൽകൃത ബാങ്കിൽ തുക നിക്ഷേപിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു.

(എഫ്) 1999-2000 മുതൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമായതിനാലും കേന്ദ്രഗവൺമെന്റിന്റെ ധനസഹായം നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വഴി ഈ സ്ഥാപനത്തിന് ലഭ്യമാകുന്നതിനാലും നിയമസഭയുടെ പ്രത്യേക അനുവാദം ആവശ്യമായി വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) തുകയുടെ വിനിയോഗം താഴെപ്പറയുന്ന ആഡിറ്റുകൾക്ക് വിധേയമാണ്.

1. അക്കൗണ്ടന്റ് ജനറലിന്റെ (കേരള) കാലാകാലങ്ങളിലുള്ള ആഡിറ്റ്.
2. ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വാർഷിക ആഡിറ്റ്.
3. അക്കൗണ്ടന്റ് ജനറലിന്റെ പ്രത്യേക ആഡിറ്റ്-പെർഫോമൻസ് ആഡിറ്റ്.

സംസ്ഥാന ഹെൽത്ത് സർവീസ് വകുപ്പിന് ലഭ്യമാകുന്ന ഗ്രാന്റ്

143 [146] ശ്രീ. ടി. എൻ. പ്രതാപൻ:
,, ജോർജ് ജെ. മാത്യു:
,, കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ചേർക്കാത്ത ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം ആരോഗ്യ വകുപ്പിന് ഗ്രാന്റ് ലഭിക്കുന്നുണ്ട്;

(ബി) പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(സി) പ്രസ്തുത തുക ചെലവഴിക്കുന്ന കാര്യം ജനപ്രതിനിധികളുമായി ആലോചിക്കാറുണ്ടോ;

(ഡി) കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ഓരോ ഇനത്തിലായി ഇപ്രകാരം എന്ത് തുക കിട്ടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ, യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പദ്ധതി, പ്രജനന ശൈശവ പദ്ധതി, ക്ഷയ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, കുഷ്ഠരോഗ നിർമ്മാർജന പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ബജറ്റിൽ ചേർക്കാത്ത ഇനങ്ങളിൽ ആരോഗ്യ വകുപ്പിന് ഗ്രാന്റ് ലഭിക്കുന്നത്.

(ബി) സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഭരണ സമിതിയുടെ അനുമതിയും നിർദ്ദേശവും അനുസരിച്ച് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ് എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള തുക ചെലവഴിക്കുന്നത്.

യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പ്രവർത്തനങ്ങൾക്കുള്ള തുക ചെലവഴിക്കുന്നതിനുള്ള അധികാരം ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly